GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/07/2026

1. കാർഷിക ഗവേഷണ സ്ഥാപനങ്ങളെയും കർഷകരെയും ബന്ധിപ്പിച്ച് നൂതന കാർഷിക സാങ്കേതികവിദ്യകളും ശാസ്ത്രീയ കൃഷിരീതികളും കർഷകരിലെത്തിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിലും ആത്മ തിരുവനന്തപുരം സംഘാടനത്തിലും നടക്കുന്ന കാർഷിക പ്രദർശന-വിപണന മേളയ്ക്ക് ഇന്ന്, ജൂലൈ 14-ന് തുടക്കമാകും. കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ രാവിലെ 11 മണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങ് കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് നിർവഹിക്കും. ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ അധ്യക്ഷത വഹിക്കും. തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരി ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തും. മേളയുടെ ഭാഗമായി ജൂലൈ 16, 17 തീയതികളിൽ കർഷക-ശാസ്ത്രജ്ഞ മുഖാമുഖവും

സംഘടിപ്പിക്കും. കാലാവസ്ഥാ വ്യതിയാനവും കൃഷിരീതികളും, കാർഷിക വിളകളിലെ സംയോജിത കീട-രോഗ നിയന്ത്രണം, അഗ്രോ ഇക്കോളജിക്കൽ സോൺ അധിഷ്ഠിത കൃഷി, കിഴങ്ങുവർഗവിളകളിലെ നൂതന സാങ്കേതികവിദ്യകൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും.

2. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2025-ലെ സംസ്ഥാന കർഷക അവാർഡുകളുടെ ഭാഗമായി മാധ്യമരംഗത്തെ മികവിന് നൽകുന്ന 'കർഷക ഭാരതി' അവാർഡിന് അപേക്ഷ ക്ഷണിച്ചു. മലയാള ഭാഷയിലൂടെ കാർഷിക മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ മികച്ച ഫാം ജേർണലിസ്റ്റുകളെയാണ് അവാർഡിന് പരിഗണിക്കുന്നത്. വ്യക്തികളുടെ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കില്ല. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവമാധ്യമം എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് കർഷക ഭാരതി അവാർഡുകൾ നൽകുന്നത്. ഓരോ വിഭാഗത്തിലും വിജയിക്കുന്നവർക്ക് ₹50,000 ക്യാഷ് അവാർഡ്, ഫലകം, സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കും. അവാർഡ് വിജ്ഞാപന തീയതി മുതൽ പിന്നോട്ടുള്ള ഒരു വർഷക്കാലയളവിലെ മാധ്യമപ്രവർത്തന മികവാണ് വിലയിരുത്തുക. അപേക്ഷാ ഫോറവും വിശദമായ മാർഗനിർദേശങ്ങളും www.keralaagriculture.gov.in എന്ന

കൃഷിവകുപ്പ് വെബ്സൈറ്റിലും www.fibkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2026 ജൂലൈ 14. അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 695003 എന്ന വിലാസത്തിൽ അയയ്ക്കണം. കവറിന് പുറത്ത് 'കർഷക ഭാരതി അവാർഡ് 2025 - (വിഭാഗത്തിന്റെ പേര്)' എന്ന് വ്യക്തമായി രേഖപ്പെടുത്തണം.

3. കർഷക സുരക്ഷയും വിള സംരക്ഷണവും ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (WBCIS) - ഖരീഫ് 2026 സീസൺ അപേക്ഷ ക്ഷണിച്ചു. അർഹതപ്പെട്ട കർഷകർക്ക് അംഗീകൃത ഏജൻസികളിലൂടെയോ ഔദ്യോഗിക ഓൺലൈൻ പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷയ്ക്കുമായി കർഷകർക്ക് അംഗീകൃത ഏജൻസിയായ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടുകയോ, ഔദ്യോഗിക ഓൺലൈൻ പോർട്ടൽ ആയ https://pmfby.gov.in സന്ദർശിക്കുകയോ, 1800-425-7064 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കുകയോ ചെയ്യുക. അപേക്ഷ സമർപ്പിച്ച ശേഷം ലഭിക്കുന്ന പോളിസി കോപ്പി പരിശോധിച്ച് പ്രീമിയം

തുക, ഇൻഷ്വറൻസ് ചെയ്ത പഞ്ചായത്ത്, വിളയുടെ പേര് എന്നിവ കൃത്യമാണോയെന്ന് ഉറപ്പുവരുത്തി സൂക്ഷിക്കേണ്ടതാണ്.

4. കേരളത്തിന്റെ 29 – ആം സീഡ് സബ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കേരള കാർഷിക സർവ്വകലാശാല കേരളത്തിന്റെ കാലാവസ്ഥക്ക് അനുയോജ്യമായതും അധിക വിളവ് തരുന്നതും കർഷകർക്ക് മികച്ച വരുമാനം ഉറപ്പ് നൽകുന്നതുമായ കെ.എ.യു. തേജസ്വിനി (മുളക്), കെ.എ.യു. മേധ (ബ്രഹ്മി), കെ.എ.യു. സൗഗന്ധിക (രാമച്ചം), കെ.എ.യു. കൊച്ചിൻ പ്രൈഡ് (ഇഞ്ചി), കെ.എ.യു. ഗോൾഡൻ ഫിംഗർ (മഞ്ഞൾ) 5 പുതിയ വിളയിനങ്ങൾ പുറത്തിറക്കിയിരിക്കുന്നു. മുളകിനമായ കെ.എ.യു. തേജസ്വിനി കുറ്റിച്ചെടിയായി വളരുന്നതും, നീളമുള്ള കായ്കൾ തരുന്നതും, ഉയർന്ന വിളവ് നൽകുന്നതുമായ ഈ ഇനം കേരളത്തിൽ കൃഷി ചെയ്യാൻ വളരെ അനുയോജ്യമാണ്. ഇതിന്റെ കായ്കൾക്ക് കൂടുതൽ തൂക്കവും നീളവുമുണ്ട്. ഇടത്തരം എരിവുള്ള ഈ ഇനത്തിന് വൈറസ് രോഗങ്ങളെയും വാട്ടരോഗത്തെയും പ്രതിരോധിക്കാനുള്ള ശേഷിയുണ്ട്. ഹെക്ടറിന് ശരാശരി 32.50 ടൺ ആണ് ഇതിന്റെ വിളവ്. ബ്രഹ്മി ഇനമായ കെ.എ.യു. മേധ പ്രധാനമായും മധ്യകേരളത്തിൽ കൃഷി ചെയ്യാൻ അനുയോജ്യമായ ഇനമാണ് മികച്ച ഉല്പാദന ശേഷിയും ഉയർന്ന ബാക്കോസൈഡ് (bacoside) അളവുമാണ് ഇതിന്റെ പ്രത്യേകതകൾ.

ഉയർന്ന അളവിൽ എസ്സെൻഷ്യൽ ഓയിൽ (1.4%) അടങ്ങിയ ഒരു രാമച്ച ഇനമാണ് കെ.എ.യു. സൗഗന്ധിക (ODV 27). മികച്ച വളർച്ച, കൂടുതൽ തൈകൾ പൊട്ടാനുള്ള ശേഷി (profuse tillering), ഉയർന്ന വേര് ഉത്പാദനം, കൂടുതൽ എണ്ണയുടെ അളവ് എന്നിവയുണ്ട്. ഇഞ്ചി ഇനമായ കെ.എ.യു. കൊച്ചിൻ പ്രൈഡ്. ഉയർന്ന അളവിൽ സിൻജിബെറിൻ, അന്നജം (starch), മികച്ച വിളവ് എന്നിവയോടൊപ്പം കൊച്ചിൻ ഇഞ്ചിയുടെ തനതായ എരിവും മണവും ഇതിനുണ്ട്. ഇത് ഇഞ്ചിയുടെ റൈസോം റോട്ട് എന്ന രോഗത്തെ പ്രതിരോധിക്കുന്നു. തെങ്ങിൻതോപ്പുകളിൽ തനിവിളയായോ ഇടവിളയായോ ഇത് വളർത്താം. കെ.എ.യു. ഗോൾഡൻ ഫിംഗർ (KAU AFT 31) എന്ന മഞ്ഞൾ ഇനം, ഉയർന്ന കുർക്കുമിൻ (8.65% Curcumin) അടങ്ങിയ ഒരു തനത് ആലപ്പി ഫിംഗർ മഞ്ഞളാണ്. ഇതിന് ഉയർന്ന വിളവും ഉള്ളിൽ നല്ല കടും ഓറഞ്ച് നിറവുമുണ്ട്. വിള കാലം 240-250 ദിവസങ്ങളാണ്. 2026 ജൂൺ മാസത്തിൽ കാർഷിക ഉൽപ്പാദന കമ്മിഷണറും കൃഷി പ്രിൻസിപ്പൽസെക്രട്ടറിയുമായ ടിങ്കു ബിസ്വാൾ IAS ന്റെ അധ്യക്ഷതയിൽ ചേർന്ന കമ്മിറ്റിയാണ് പുതിയ ഇനങ്ങൾ പുറത്തിറക്കിയത്.

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോര് റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്കറബ്ബറിൽ നിന്നുള്ള

ഉത്പന്നനിർമ്മാണത്തിൽ അഞ്ചുദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ്കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എൻറർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം 2026 ജൂലൈ 27 മുതൽ 31 വരെ നടത്തും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽവിവരങ്ങൾക്ക് 9497487209, 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

6. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പാക്കുന്ന ആറ് മാസ ദൈർഘ്യമുള്ള തേനീച്ച വളർത്തൽ പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ ഈ മാസം 31-ന് മുമ്പ് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9747321760 എന്ന നമ്പറിൽ ബന്ധപ്പെടുക.

7. കാർഷിക നിർദേശം

**തെങ്ങ്** - കാലവർഷത്തിലെ കുറവും മണ്ണിലെ ഈർപ്പക്കുറവും പെൺപൂക്കൾ കൊഴിയുന്നതിനും കുറഞ്ഞ കായ് പിടിത്തത്തിനും

ഇളനീർ പൊഴിച്ചിലിനും ഇടയാക്കുന്നു. ഇത് ഉത്പാദനത്തിൽ വലിയ കുറവുണ്ടാകും. ഇതിന് പരിഹാരമായി തെങ്ങിന് തടം മൂടൽ, തുള്ളിനന, തടത്തിൽ തൊണ്ട് കുഴിച്ചിടൽ, മഴവെള്ള സംഭരണം എന്നിവയിലൂടെ ഈർപ്പം നിലനിർത്തുക.

**കുരുമുളക്**– മഴ കുറവ് അനുഭവപ്പെടുമ്പോൾ കുരുമുളകു ചെടികൾ കുറഞ്ഞ രീതിയിൽ മാത്രം പൂവിടുകയും, തിരി കൊഴിച്ചിൽ, കുറഞ്ഞ കായ് പിടിത്തം എന്നിവ ഉണ്ടാവുകയും ചെയ്യുന്നു. കുരുമുളക് വള്ളികളുടെ ചുവട്ടിൽ പുതയിടുക, തോട്ടങ്ങളിൽ തണൽ ക്രമീകരിക്കൽ, തുള്ളിനന സംവിധാനം എന്നീ മാർഗ്ഗങ്ങളിലൂടെ ഈ പ്രതിസന്ധി മറികടക്കാം.